## ഗ്യാസ് സിലിണ്ടറുകളുടെ തൂക്കക്കുറവ്

6 [*45] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ആവശ്യത്തിന് വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടറുകൾക്ക് തൂക്കക്കുറവുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അപാകത കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## സർവ്വകലാശാല യൂണിയനുകളുടെ പ്രവർത്തനം

7 [*46] ശ്രീ. കെ. രാധാകൃഷ്ണൻ:
,, മത്തായി ചാക്കോ:
,, എം. പ്രകാശൻ മാസ്റ്റർ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവകാശാല യൂണിയനുകൾ പുനഃസംഘടിപ്പിക്കാത്തതുമൂലം യൂണിയനുകളുടെ പ്രവർത്തനവും സർവകാശാലാ യുവജനോത്സവ നടത്തിപ്പും മുടങ്ങിയിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവകാശാല യൂണിയനുകൾ ജനാധിപത്യരീതിയിൽ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ സർവകലാശാലകളിലാണ് കോളേജ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പുകൾ പൂർത്തിയായിട്ടുള്ളത്;

(സി) കോളേജ് യൂണിയൻ തെരഞ്ഞെടുപ്പും സർവകലാശാലാ യൂണിയൻ രൂപീകരണവും സംബന്ധിച്ച വ്യവസ്ഥകൾ സർവകലാശാലാ നിയമത്തിന്റെ ഭാഗമാക്കി തെരഞ്ഞെടുപ്പുകൾക്ക് നിയമപ്രാബല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ & ബി) കൊച്ചി, കോഴിക്കോട്, കണ്ണൂർ, കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട യൂണിയനുകൾ നിലവിലുണ്ട്. യുവജനോൽസവം പതിവുപോലെ നടക്കുന്നുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ 27-1-2006-ൽ യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. 2006 ഫെബ്രുവരി അവസാനിക്കുന്നതിനുമുമ്പായി സർവകലാശാലാ യൂണിയൻ രൂപീകരിക്കുന്നതാണെന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. എം. ജി. സർവകലാശാലയിൽ ഉടനെതന്നെ തെരഞ്ഞെടുപ്പ് നടത്തി യൂണിയൻ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുസംബന്ധിച്ച് ഒരു കേസ് ബഹു: സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതിയുടെ 12-12-2005-ലെ ഉത്തരവു പ്രകാരം രാജ്യത്തെ യൂണിവേഴ്സിറ്റി/കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പുസംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിന് മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. ജെ. എം. ലിംഗ്ദോ ചെയർമാനായി ഒരു ആറംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിൽ സ്വകാര്യ കൺസൾട്ടൻസികളുടെ സാദ്ധ്യതാപഠനം

8 [*47] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" എം. വി. ജയരാജൻ:
" വി. ചെന്താമരാക്ഷൻ:
" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സാദ്ധ്യതാപഠനത്തിന് സ്വകാര്യ കൺസൾട്ടൻസികളുടെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തിനിടെ സ്വകാര്യ കൺസൾട്ടൻസികൾക്ക് എന്തു തുക സാദ്ധ്യതാ പഠനത്തിനുള്ള കൺസൾട്ടൻസി ഫീസായി നൽകിയിട്ടുണ്ട്;

(സി) സാദ്ധ്യതാപഠനം നടത്തുന്നതിന് സ്വകാര്യ കൺസൾട്ടൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതിനുവേണ്ടി ടെണ്ടറുകൾ ക്ഷണിക്കാറുണ്ടോ;

(ഡി) സാദ്ധ്യതാപഠനം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ [illegible] സേവനം ഉപയോഗിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly